Draft #2 of File 97738/AD A8-1/2025/AD A 8 Approved by Registrar on 15-Oct-2025 05:56 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 97738/AD A8-1/2025/എ ഡി എ 8 തീയതി: 15.10.2025

പ്രിയദർശിനി ഹിൽസ്

## സർക്കുലർ

വിഷയം:- പെൻഷൻ-മഹാത്മാഗാന്ധി സർവകലാശാല പെൻഷൻകാരുടെ 2025 കലണ്ടർ വർഷത്തെ ജീവനസാക്ഷ്യപത്രം സമർപ്പിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- 1.01.11.2017 തീയതിയിലെ 6470/എ10/1/02/2017/ഭ.വി നമ്പർ സർവകലാശാല ഉത്തരവ്
2.11.06.2020 തീയതിയിലെ 7553/എഡിഎ3/4/ഭ.വി നമ്പർ പരിപത്രം
3.കെ.എസ്.ആർ ഭാഗം 3 ചട്ടം 128(a)
4.കെ.ടി.സി വാല്യം 1 ചട്ടം 280(a)

മഹാത്മാഗാന്ധി സർവകലാശാല പെൻഷൻകാരുടെ 2025 വർഷത്തെ ജീവനസാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) സൂചന (1) പ്രകാരം www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർ സർവകലാശാല വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാക്കിയിട്ടുള്ള നിശ്ചിതമാതൃകയിലുള്ള ഫോറം ഡൗൺലോഡ് ചെയ്തെടുത്ത് ജീവനസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ടി ഫോറം മുഖേന ജീവനസാക്ഷ്യപത്രം സമർപ്പിക്കുന്നവർ ആയതിൻറെ അസ്സൽ നിർബന്ധമായും സെക്ഷനിൽ ഹാജരാക്കേണ്ടതാണ്. ജീവൻ പ്രമാൺ മുഖേന ഓൺലൈനായി സമർപ്പിക്കുന്നവർ ആയതിൻറെ പകർപ്പ് ഹാജരാക്കേണ്ടതില്ല.

ഇതോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണെന്ന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ₹2000/- രൂപയിൽ താഴെ എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ ലഭിക്കുന്നവർ ഒഴികെയുള്ള പെൻഷൻകാർ സൂചന (2) പ്രകാരം ജീവനസാക്ഷ്യപത്രത്തോടൊപ്പം കേരളസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നില്ല എന്ന് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
2. കുടുംബപെൻഷൻ കൈപ്പറ്റുന്ന 60 വയസ്സിൽ താഴെയുള്ള വ്യക്തികൾ വിവാഹം ചെയ്തിട്ടില്ല/പുനർവിവാഹം ചെയ്തിട്ടില്ല എന്ന നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ സമർപ്പിക്കേണ്ടതാണ്.
3. കുടുംബപെൻഷൻ കൈപ്പറ്റുന്ന 60 വയസ്സ് പൂർത്തിയായ വ്യക്തികൾ വിവാഹം ചെയ്തിട്ടില്ല/പുനർവിവാഹം ചെയ്തിട്ടില്ല എന്ന നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം സ്വയം സാക്ഷ്യപ്പെടുത്തി നൽകിയാൽ മതി .

ജീവനസാക്ഷ്യപത്രവും സത്യവാങ്മൂലവും സമർപ്പിക്കേണ്ട **അവസാന തീയതി** 15.11.2025. നിശ്ചിത തീയതിക്കകം ഇവ സമർപ്പിക്കാത്തപക്ഷം സൂചന (4) പ്രകാരം മറ്റൊരു അറിയിപ്പ് കൂടാതെ 2026 ജനവരി മാസം മുതലുള്ള പെൻഷൻ വിതരണം മാറ്റിവയ്ക്കപ്പെടുന്നതാണ്.

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

സ്വീകർത്താവ്

എല്ലാ പെൻഷൻകാരും

Draft #2 of File 97738/AD A8-1/2025/AD A 8 Approved by Registrar on 15-Oct-2025 05:56 AM - Page 2

## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

പെൻഷണർമാർ-ലൈഫ് സർട്ടിഫിക്കറ്റ്-ഓൺലൈൻ വഴിയുള്ള സമർപ്പണം-'ജീവൻ പ്രമാൺ' പദ്ധതി നടപ്പിൽ വരുത്തുന്നത്-നിബന്ധനകളും നടപടിക്രമങ്ങളും അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഭരണവിഭാഗം എഡി.എ 10 വിഭാഗം

സ.ഉ.നം. 6470/എ10/1/02/2017/ഭ.വി. പി.ഡി. ഹിൽസ്, 01/11/2017

പരാമർശം:- സർവ്വകലാശാല ഐ.ടി. ഏകോപനാധികാരി (ഭ.വി.) യുടെ 25/09/2017-ലെ കുറിപ്പ്

### ഉത്തരവ്

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പെൻഷണർമാർ എല്ലാ വർഷവും അതാത് പെൻഷൻ ഡിസ്ബേഴ്സിംഗ് അതോറിറ്റിക്കു നേരിട്ട് സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ്, ഓൺലൈൻ ആയി സമർപ്പിക്കുന്നതിലേക്ക് കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള 'ജീവൻ പ്രമാൺ' പദ്ധതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം കത്ത് പ്രകാരം അറിയിക്കുകയും ആയത് സംബന്ധിച്ച വസ്തുതകളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വിശദമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് 2017 വർഷം മുതൽ ജീവൻ പ്രമാൺ പദ്ധതി വഴി താഴെപ്പറയുന്ന നിബന്ധനകൾ/വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായി ഡിജിറ്റലായി ജനറേറ്റ് ചെയ്യുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനും അംഗീകാരം നൽകിക്കൊണ്ട് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

(1) ലൈഫ് സർട്ടിഫിക്കറ്റ് അഥവാ ജീവനസാക്ഷ്യപത്രം ജീവൻ പ്രമാൺ പദ്ധതി വഴി ഡിജിറ്റൽ ആയി അപ്‌ലോഡ് ചെയ്യുന്ന പെൻഷണർമാർ ആധാർ നമ്പർ, ആക്ടീവ് മൊബൈൽ നമ്പർ എന്നിവയുടെ ഉടമകൾ ആയിരിക്കണം.

(2) പെൻഷണർമാർ അവരുടെ ആധാർ നമ്പർ പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസിയുമായി രജിസ്റ്റർ ചെയ്തിരിക്കണം.

(3) പെൻഷണർമാർക്ക്, www.jeevanpramaan.gov.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ള രാജ്യത്തെ തെരഞ്ഞെടുത്ത സിറ്റിസൺ സർവ്വീസ്/അക്ഷയ സെന്റർ ഏതെങ്കിലും സന്ദർശിച്ച് അവരുടെ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്. ഇതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(4) പെൻഷണർമാർ ജനറേറ്റ് ചെയ്യുന്ന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുവാൻ ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം) -നെ അധികാരപ്പെടുത്തിയിരിക്കുന്നു.

(5) ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം) ന്റെ നിയമന ഉത്തരവ് സർവ്വകലാശാല സീൽ പതിപ്പിച്ച് ആവശ്യമായ വ്യക്തിവിവരണങ്ങളോടെ ജീവൻ പ്രമാൺ വെബ് സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(6) ലൈഫ് സർട്ടിഫിക്കറ്റ് ഡിജിറ്റൽ ആയി ജീവൻ പ്രമാൺ വഴി അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത പെൻഷണർമാർക്ക് അത് നിലവിലേതുപോലെ നേരിട്ടും സമർപ്പിക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) എല്ലാ പെൻഷൻകാർക്കും
2) വി.സി./പി.വി.സി. എന്നിവരുടെ പി.എസ്. മാർ
3) രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
4) കേരള ഓഡിറ്റ് സർവ്വീസ്, എം.ജി.യു. കാര്യാലയം
5) സർവ്വകലാശാല ഐ.ടി. ഏകോപനാധികാരി (ഭ.വി.)
6) എസ്.ബി.ഐ. ക്യാമ്പസ് ബ്രാഞ്ച്

7) ഭ.വി/ F ഏആർ/ഡിആർ/ജെആർ മാർ

8) എഡി.എ I/II/III/IV/V/VI/VII/VIII/IX സെക്ഷനുകൾ -

9) ഓഡിറ്റ് /ഫിനാൻസ്/എഫ്.സി.സി/ജനറൽ ക്യാഷ് സെക്ഷനുകൾ

10) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി

11) സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1) *www.jeevanpramaan.gov.in, www.mgu.ac.in* എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ള ഏതെങ്കിലും സിറ്റിസൺ സർവീസ്/അക്ഷയ സെന്ററിൽ എത്തി ജീവൻ പ്രമാൺ സൈറ്റ് തുറക്കുക.

2) പെൻഷൻകാർ അവരുടെ ആധാർ നമ്പറും മൊബൈൽ നമ്പറും നിശ്ചിത കള്ളികളിൽ ശരിയായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുക.

3) തുടർന്ന്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് എത്തുന്ന *One Time Password (OTP),* അതിന്റെ കള്ളിയിൽ രേഖപ്പെടുത്തിയതിനു ശേഷം *OK* ബട്ടൺ ക്ലിക്ക് ചെയ്യുക.

4) തുടർന്ന് ലഭ്യമാകുന്ന സ്ക്രീനിൽ പെൻഷൻകാർ അവരുടെ പേര്, പി.പി.ഒ നമ്പർ, പെൻഷൻ തരം, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി *(MG University,Kerala)*, പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസി *(MG University,Kerala)*, ഇ-മെയിൽ ഐ.ഡി, ബാങ്ക് അക്കൗണ്ട് നമ്പർ ഇവ നിശ്ചിത കള്ളികളിൽ കൃത്യമായി രേഖപ്പെടുത്തുക. ഒപ്പം പുനർനിയമനം ലഭിച്ചിട്ടുണ്ടോ, പുനർവിവാഹം ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് *Yes/No* എന്നീ കള്ളികളിൽ ഏതിലെങ്കിലും ക്ലിക്ക് ചെയ്യേണ്ടതാണ്.

5) തുടർന്ന്, എന്റെ പെൻഷൻ വിവരങ്ങൾ ജീവൻ പ്രമാൺ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിൽ എതിർപ്പില്ല എന്ന് ബന്ധപ്പെട്ട കള്ളിയിൽ ക്ലിക്ക് ചെയ്യേണ്ടതാണ്.

6) തുടർന്ന് *'SCAN FINGER'* എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

7) ഫിംഗർ പ്രിന്റ് സ്കാനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതോടെ സ്ക്രീനിൽ ലൈഫ് സർട്ടിഫിക്കറ്റ് തെളിയുന്നതാണ്. ഒപ്പം മൊബൈൽ നമ്പറിലേക്ക് *SMS* വഴി ജീവൻ പ്രമാൺ സർട്ടിഫിക്കറ്റിന്റെ *ID* ലഭിക്കുന്നതുമാണ്. പ്രസ്തുത *ID* ഉപയോഗപ്പെടുത്തി എപ്പോൾ വേണമെങ്കിലും പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

## CERTIFICATE OF NON-MARRIAGE /NON-RE-MARRIAGE

(വൈവാഹിക പദവി തെര്യപ്പെടുത്തുന്ന സാക്ഷ്യപത്രം)

I hereby declare that I am not married.
ഞാൻ ഇതുവരെ വിവാഹം കഴിച്ചിട്ടില്ല.

I hereby declare that I have not been re-married and I undertake to report such an event to the Registrar, Mahatma Gandhi University.

ഞാൻ ഇതുവരെ പുനർവിവാഹം കഴിച്ചിട്ടില്ലാത്തതും അങ്ങനെ ഉണ്ടാകുന്ന പക്ഷം പ്രസ്തുത വിവരം മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറെ അറിയിക്കുന്നതാണെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

Place/ സ്ഥലം:
Date/ തിയ്യതി:

Signature/Left Hand thumb impression of the family pensioner:
ഒപ്പ്/ഇടതുകൈ പെരുവിരലടയാളം:
Name of the Pensioner:
പെൻഷൻ അവകാശിയുടെ പേര്:
Address with pincode:

Mobile/Phone No:

I certify that the above declaration is correct to the best of my knowledge and belief.

എന്റെ അറിവിലും വിശ്വാസത്തിലും, മേൽപ്പറഞ്ഞിരിക്കുന്ന വസ്തുത ശരിയാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

Signature of the responsible Officer or well known person :
Name/പേര് :
Designation/ ഔദ്യോഗിക പദവി :
Seal/ മുദ്ര:

Place/ സ്ഥലം:
Date/ തിയ്യതി:

# സത്യവാങ്മൂലം

മഹാത്മാഗാന്ധി സർവകലാശാലയിലെ സർവീസ് പെൻഷണർ/കുടുംബപെൻഷണർ/ ഔദാര്യപെൻഷണർ (EGP) ആയ ഞാൻ ……………………………………………………………………………(പേര്), സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് കേരള സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാപെൻഷൻ നാളിതുവരെ കൈപ്പറ്റിയിട്ടില്ലായെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

പേര്:………………………………………………….

ഒപ്പ്:………………………………………………….

മൊബൈൽ നമ്പർ:………………………………………………….

പി.പി.ഒ നം./എഫ്.പി.ഒ നം./ഇ.ജി.പി നം.:…………………………………………………..

മേൽവിലാസം:…………………………………………………..

……………………………………………………...

……………………………………………………...

……………………………………………………...

പിൻകോഡ്:…………………………………………………..

സ്ഥലം:

തീയതി:

# LIFE CERTIFICATE

(ജീവന സാക്ഷ്യപത്രം)

Certified that I have seen the Pensioner Sri./Smt. ……………………………………………………………………………………….. (Name of the Pensioner), holder of Pension Payment Order (PPO) No. ……………………………………… and that he/she is alive on this date.

…………………………………………… നമ്പർ (പി.പി.ഒ) ഉത്തരവുപ്രകാരമുള്ള ശ്രീ./ശ്രീമതി. ……………………………………………………………………………………………… എന്ന പെൻഷനർ/കുടുംബ പെൻഷൻ അവകാശി ജീവിച്ചിരിപ്പുള്ളതായും ടി ആളെ ഇന്നേ ദിവസം കണ്ടതായും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

**Name and Signature of the Pensioner/Family Pensioner:**
പെൻഷനറുടെ/കുടുംബ പെൻഷനറുടെ പേരും ഒപ്പും:

**Tel.No./ഫോൺ നമ്പർ:**

**Address/മേൽവിലാസം:**

**(Seal/മുദ്ര)**

**Signature, Name & Designation of Authorised Officer**

അംഗീകൃത അധികാരിയുടെ
ഒപ്പും പേരും ഔദ്യോഗികപദവിയും

**Place/സ്ഥലം:**

**Date/തീയതി:**